**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2492** **17-03-2022 - ൽ മറുപടിയ്ക്ക്**

**ആംനസ്റ്റി സ്കീം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. മാത്യു കുഴൽനാടൻ | | null<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് 2021-22 സാമ്പത്തിക വർഷത്തിൽ ആംനസ്റ്റി സ്കീം പ്രകാരം പിരിച്ചെടുക്കുവാൻ ലക്ഷ്യമിട്ട തുക എത്രയായിരുന്നു; മുൻ വർഷത്തേതിൽ നിന്നും ആംനസ്റ്റി സ്കീമിൽ എന്തൊക്കെ മാറ്റങ്ങളാണ് നടപ്പ് സാമ്പത്തിക വർഷം ഉണ്ടായിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്ത് 2021-2022 സാമ്പത്തിക വർഷത്തിൽ നികുതി കുടിശ്ശിക ആയി 12222.80 കോടി രൂപ ഉണ്ടായിരുന്നു. ഇത് 01-04-2021 വരെയുള്ള കുടിശ്ശികയാണ്. ഇതിൽ ആംനസ്റ്റി സ്കീം പ്രകാരം മൊത്തം നികുതി കുടിശ്ശികയിന്മേൽ പിഴയും പലിശയും പൂർണ്ണമായും ഒഴിവാക്കി ബാക്കി നികുതി തുകയുടെ ഏറ്റവും കുറഞ്ഞത് 60% (തവണകളായി അടച്ചാൽ 70%, ഒറ്റത്തവണയായി അടച്ചാൽ 60%) ആണ് പിരിച്ചെടുക്കുവാൻ ലക്ഷ്യമിട്ടിരിക്കുന്നത്. ജി.എസ്.ടി.ക്ക് മുൻപ് ഉള്ള നിയമങ്ങളിന്മേലുള്ള നികുതി കുടിശ്ശികകൾ എത്രയും പെട്ടെന്ന് തീർപ്പാക്കി കൂടുതൽ ശ്രദ്ധ ജി.എസ്.ടി. യിലേക്ക് നൽകുന്നതിന്റെ ഭാഗമായാണ് ആംനസ്റ്റി പദ്ധതികൾ പ്രഖ്യാപിച്ചിട്ടുള്ളത്. കഴിഞ്ഞ വർഷത്തെ (2020-21) ആംനസ്റ്റി പദ്ധതി പ്രകാരം ഒരു വ്യാപാരിയുടെ എല്ലാ വർഷങ്ങളിലെ നികുതി കുടിശ്ശികയും ഒരുമിച്ച് മാത്രമേ ആംനസ്റ്റി ഓപ്റ്റ് ചെയ്യാൻ സാധിക്കുമായിരുന്നുള്ളൂ. ഇത് പല വ്യാപാരികളും ആംനസ്റ്റി പദ്ധതി സ്വീകരിക്കാതിരിക്കുന്നതിന് കാരണമായി. ഇതിൽ നിന്നും വ്യത്യസ്തമായി ഈ വർഷത്തെ (2021-22) ആംനസ്റ്റി പദ്ധതിയിൽ വ്യാപാരികൾക്ക് ഓരോ വർഷത്തെയും നികുതി കുടിശ്ശികയിന്മേൽ ആംനസ്റ്റി ഓപ്റ്റ് ചെയ്യുവാനുള്ള അവസരം നൽകിയിട്ടുണ്ട്. ഇതു പ്രകാരം നിരവധി വ്യാപാരികൾ ആംനസ്റ്റി പദ്ധതി സ്വീകരിച്ച് കുടിശ്ശിക അടവാക്കിവരുന്നു. കഴിഞ്ഞ വർഷത്തെ (2020-21) ആംനസ്റ്റി പദ്ധതി പ്രകാരം മൊത്തം നികുതി കുടിശ്ശികയിന്മേൽ പിഴയും പലിശയും പൂർണ്ണമായും ഒഴിവാക്കി ബാക്കി നികുതി തുകയുടെ ഏറ്റവും കുറഞ്ഞത് 40% (തവണകളായി അടച്ചാൽ 50%, ഒറ്റത്തവണയായി അടച്ചാൽ 40%) ആണ് അടയ്ക്കേണ്ടിയിരുന്നത്. എന്നാൽ ഈ വർഷത്തെ (2021-22) ആംനസ്റ്റി പദ്ധതിയിൽ |

| | | | |
|---|---|---|---|
| | | | മൊത്തം നികുതി കുടിശ്ശികയിന്മേൽ പിഴയും പലിശയും പൂർണ്ണമായും ഒഴിവാക്കി ബാക്കി നികുതി തുകയുടെ ഏറ്റവും കുറഞ്ഞത് 60% (തവണകളായി അടച്ചാൽ 70%, ഒറ്റത്തവണയായി അടച്ചാൽ 60%) ആണ് ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നത്. |
| (ബി) | നടപ്പ് സാമ്പത്തിക വർഷം നാളിതുവരെ ആംനസ്റ്റി സ്കീം പ്രകാരം എത്ര തുക പിരിച്ചെടുക്കാൻ കഴിഞ്ഞിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ? | (ബി) | നടപ്പ് സാമ്പത്തിക വർഷം 2022 ഫെബ്രുവരി 28 വരെ ആംനസ്റ്റി സ്കീം പ്രകാരം 117.14 കോടി രൂപ പിരിച്ചെടുക്കാൻ കഴിഞ്ഞിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ